(16) പടിഞ്ഞാറേത്തറ-കൽപ്പറ്റ റോഡ്, മേപ്പാടി-കൽപ്പറ്റ റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കൽപ്പറ്റ പടിഞ്ഞാറേത്തറ റോഡ്, കൽപ്പറ്റ മേപ്പാടി റോഡ്-ഈ രണ്ട് റോഡുകളും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഈ അടുത്ത ദിവസങ്ങളിലായി ഓട്ട അടയ്ക്കലും നടക്കുന്നുണ്ട്, അതുകൊണ്ട് യാതൊരു കാര്യവുമില്ല. ഒരു മഴപെയ്താൽ അപ്പോൾത്തന്നെ അത് പൊട്ടിപ്പൊളിഞ്ഞുപോകും. അങ്ങേക്ക് തന്നെ പലതവണ ഞാൻ നിവേദനം നൽകിയിട്ടുണ്ട്. കാര്യമായ ഒരു പ്രവൃത്തിയും അവിടെ നടന്നിട്ടില്ല.

സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെണ്ടർ ചെയ്ത് പണി ആരംഭിച്ച പുതുശ്ശേരിക്കടവ്, ബാങ്ക്മുക്ക് അടക്കമുള്ള നിരവധി റോഡുകൾ ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് പണി നിറുത്തിവച്ചിരിക്കുകയാണ്. ഞാൻ ഒരു പ്രാവശ്യം ഈ നിയമസഭയിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അന്ന് പറഞ്ഞത് അഡിഷണൽ ആതറൈസേഷൻവഴി ആവശ്യമായ പണം വകയിരുത്താമെന്നാണ്. പക്ഷെ ഇതുവരെ അതിന് യാതൊരു ശ്രമവും നടന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെണ്ടർ ചെയ്ത് പണി ആരംഭിച്ച പല റോഡുകളുടേയും വർക്കുകൾ 3 വർഷമായിട്ട് മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി അതിന് പരിഹാരം കണ്ടെത്താൻ കഴിയണം. മേൽപ്പറഞ്ഞ രണ്ട് റോഡുകളും അടിയന്തിരമായി റീടാർ ചെയ്യാനുള്ള ഏർപ്പാടുകളുണ്ടാകണം.

സർ, മറ്റൊരു കാര്യം കൂടി പറയാനുണ്ട്. C.Es.L.S ഒക്കെ തൊടുപുഴയിൽ മാത്രമായി പരിമിതപ്പെടുത്തരുത്. എല്ലാ ജില്ലകളിലും കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. ഭരണകക്ഷിക്കാർക്കുകൂടി വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, അദ്ദേഹം അവസാനം പറഞ്ഞ കാര്യത്തിന് ഞാൻ ആദ്യം മറുപടി പറയാം. C.Es.L.S. കഴിഞ്ഞ ആറേഴ് മാസമായിട്ടുള്ളത് അദ്ദേഹം ഒന്ന് എടുത്തു നോക്കണം. ഈ പറയുന്ന ഒരാക്ഷേപത്തിനും അടിസ്ഥാനമില്ല. അതിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മെമ്പർക്ക് നൽകുന്നതാണ്. C.Es.L.S -ന്റെ വർക്കുകൾ വളരെ ചുരുക്കിയിരിക്കുകയാണ്. അങ്ങനെയുള്ള യാതൊരു ആക്ഷേപത്തിനും അടിസ്ഥാനമില്ല. ഞാൻ വയനാട് ജില്ലയിൽ വന്ന് എഞ്ചിനിയേഴ്സ് കോൺഫറൻസ് വിളിച്ചു. മേപ്പാടി ഭാഗത്ത് വന്നിരുന്നത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. അന്ന് കൊടുത്ത നിർദ്ദേശങ്ങളും അറിയാമായിരിക്കും. ആ നിർദ്ദേശം അനുസരിച്ച് അവിടെ വർക്ക് നടക്കുന്നുണ്ടെന്നാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നോട് ഇപ്പോഴും പറഞ്ഞത്. ഓട്ട അടയ്ക്കുന്നത് ഒരു ചെറിയ കാര്യമല്ല. ഓട്ട ശരിയായിട്ട് അടച്ചാൽ കുഴപ്പമില്ല. അതുമിതും കാണിച്ച് ഓട്ടയടച്ചാൽ ശരിയാകില്ല. ഓട്ട എവിടെയുണ്ടെന്ന് മനസ്സിലാക്കി അത് ശരിയായി അടച്ചാൽ ഒരു കുഴിയും ഉണ്ടാകില്ല. അവിടെയും ഇവിടെയും അൽപ്പം ടാർ കൊണ്ടുപോയി ഒഴിച്ചിട്ട് പോരുന്നതല്ല ഓട്ട അടപ്പ്. ഞാൻ ഇതിനെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. ഒരു കുഴിയുണ്ടായാൽ പിന്നെ രണ്ടാമത് ഒരു കുഴിയുണ്ടാകാതിരിക്കണമെങ്കിൽ ഷേപ്പ് ചെയ്ത് അവിടെ വെർട്ടിക്കലായിട്ട് കട്ട് ചെയ്യണം. മുമ്പ് ഇത് തെറ്റായ രീതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ ചെയ്തിരുന്നു. അത് എങ്ങനെയാണ് കറക്ട് ചെയ്യേണ്ടതെന്ന് ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയിലാണെങ്കിൽ ചുരുങ്ങിയത് 60 എം. എം., മേജർ ഡിസ്ട്രിക്ട് റോഡാണെങ്കിൽ 40 എം.എം. മെറ്റലും ടാറും കൂടി കുഴച്ചുതന്നെ ഇടണം. ആ ഭാഗത്ത് 10 എം.എം. ഉയർത്തിയിട്ട് റോളർ കയറ്റി ചെയ്യണം. ഇതൊക്കെ അവിടെത്തന്നെ വന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്തരത്തിൽ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഓട്ടയടച്ചാൽ പിന്നെ കുഴിയുണ്ടാകില്ല. ഇത്തരത്തിലല്ലാതെ അവിടെ ഓട്ട അടച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം അത് ചൂണ്ടിക്കാണിച്ചാൽ അത് പ്രത്യേകമായി പൊളിച്ചുനോക്കാനുള്ള ഏർപ്പാടുണ്ട്. ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞാൽ നടപടിയെടുക്കാം. കൽപ്പറ്റ-മേപ്പാടി റോഡിൽ ഓട്ടയടയ്ക്കാൻ മാത്രമല്ല, വീതികൂട്ടി ടാർ ചെയ്യാനും നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പ്രധാനപ്പെട്ട റോഡ് എന്നുള്ള നിലയിൽ 5.5. മീറ്റർ വീതിയിലാക്കി അത് റീടാർ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. അത് ഒരുമാസംകൊണ്ട് നടക്കുമോ? അതിനുള്ള സാംങ്ഷൻ കൊടുക്കുമെന്ന് പറഞ്ഞാൽ നടപടി സ്വീകരിച്ചിരിക്കുകയാണ്. ശ്രീ. ആര്യാടന് അറിയാമല്ലോ മേപ്പാടിയിൽ നിന്ന് വളരെ ചെറിയ ദൂരത്തിൽ നിലമ്പൂരിലേക്ക് റോഡ് വെട്ടാൻ പോകുന്നു. ഇതെല്ലാം മേപ്പാടിയിൽ പോയി ചർച്ചചെയ്തതാണ്. അദ്ദേഹത്തിന് അറിയാവുന്ന കാര്യങ്ങളാണ്. വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. കുഴി അടയ്ക്കുന്നതിന് എത്ര കോടി രൂപവേണമെന്ന് അറിയാമോ? മേപ്പാടി-നിലമ്പൂർ റോഡ് വനം വകുപ്പും എൻവയോൺമെന്റ് മിനിസ്ട്രിയുമായിട്ട് ടേക്കപ് ചെയ്യുകയാണ്. വനത്തിൽകൂടി 4 കിലോമീറ്റർ റോഡ് വെട്ടിയാൽ അമ്പതോളം കിലോമീറ്റർ ദൂരം കുറഞ്ഞുകിട്ടും.

സർ, പിന്നെ അദ്ദേഹം പറഞ്ഞ ഒരു റോഡ് പഞ്ചായത്തിന് വിട്ടുകൊടുക്കാം. നമുക്ക് മേജർ ഡിസ്ട്രിക്ട് റോഡ്സും സ്റ്റേറ്റ് ഹൈവേയും നന്നാക്കാൻ മാത്രമേ പ്രൊവിഷനുള്ളൂ. ആ റോഡിന്റെ കാര്യത്തിൽ പി.ഡബ്ല്യു.ഡി. ക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ബാക്കി സ്റ്റേറ്റ് ഹൈവേയും മേജർ ഡിസ്ട്രിക്ട്സ് റോഡ്സും ഈ പറഞ്ഞ നിലയിൽ നല്ലവേഗതയിൽ പണി നടന്നുകൊണ്ടിരിക്കുകയാണ്. 16-ാം തീയതി ഞാൻ അവിടെ വരുന്നുണ്ട്. 17-ാം തീയതി വീണ്ടും മീറ്റിംഗ് കൂടി അവിടെ നടത്താം.

(17) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : സർ, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ സംബന്ധിച്ച് ഏറ്റവും ഒടുവിലായി 26.7.99-ന് സർക്കാർ പുറപ്പെടുവിച്ച ജി.ഒ.പി. 175/99 ജനറൽ എഡ്യൂക്കേഷൻ ഉത്തരവനുസരിച്ച് 1996 ജൂലൈ 14ന് സർവ്വീസിലുണ്ടായിരുന്ന എല്ലാ എയ്ഡഡ്/സ്കൂൾ അധ്യാപകർക്കും സർവ്വീസിന്റെ ദൈർഘ്യം കണക്കിലെടുക്കാതെ പ്രൊട്ടക്ഷൻ ലഭിക്കും. സർക്കാരിന്റെ മുൻ ഉത്തരവുകൾ പ്രകാരം 15.7.1995-ന് ഏഴുവർഷം സർവ്വീസ് പൂർത്തിയായവർക്ക് പ്രൊട്ടക്ഷൻ ലഭിക്കാനിടയായി. 1996-97-ലെ സ്റ്റാഫ് ഫിക്സേഷനിൽ ഡിവിഷൻഫാൾമൂലം പോസ്റ്റുകൾ കുറഞ്ഞതിനാൽ അധികം വന്ന അധ്യാപകരെ 14.7.1996-ലെ സ്റ്റാറ്റസ്കോ പാലിച്ചുകൊണ്ട് സർവ്വീസിൽ നിലനിറുത്തുകയുണ്ടായി. 1997-98-ലെ സ്റ്റാഫ് ഫിക്സേഷനിൽ ഡിവിഷൻഫാൾ വന്ന സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45-ൽനിന്നും 1:40 ആക്കി കുറച്ചുകൊണ്ട് അധികംവന്ന അധ്യാപകരെ അക്കോമഡേറ്റ് ചെയ്യാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. 1998-99-ലെ

LIBRARY ARCHIVES Kerala Legislative Assembly